(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ഡി) ഇപ്പോൾ തറവില നിശ്ചയിച്ചിരിക്കുന്ന കാർഷിക ഉല്പന്നങ്ങൾ ഏതൊല്ലമാണ്.

(ഇ) ഓരോന്നിന്റേയും തറവില എത്രയെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകളുടെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതികളും പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കി എന്നുള്ളത് തന്നെയാണ് ഈ സർക്കാർ കാർഷിക മേഖലയിൽ നടത്തിയിട്ടുള്ള പ്രധാനപ്പെട്ട കാര്യം. നെൽകൃഷി രംഗത്ത് രൂപീകരിച്ച പുതിയ വികസന ഏജൻസികൾ പാഡി ബോർഡ്, വിത്ത് വികസന അതോറിറ്റി ബഹുജന പങ്കാളിത്തത്തോടു കൂടി നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതി, സമഗ്ര പുഷ്പ കൃഷി വികസന പദ്ധതി, ഇൻഡ്യയിലെ തന്നെ ആദ്യത്തേത് എന്ന് വിശേഷിപ്പിക്കാവുന്ന കർഷകരക്ഷാ പദ്ധതി, ജൈവ സാങ്കേതിക രംഗത്തെ ബയോ കൺട്രോൾ ലാബും ടിഷ്യൂ കൾച്ചർ ലാബും കാർഷിക രംഗത്തെ നൂതന സംരംഭങ്ങൾ, വിളകൾക്കുവേണ്ടിയുള്ള പ്രത്യേക കാർഷിക വികസന പദ്ധതികൾ, ഹോർട്ടി തെറാപ്പി പദ്ധതി, കാഷ്യൂ വികസന കൗൺസിൽ, തുടങ്ങിയവയൊക്കെതന്നെ മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച കാർഷിക നയത്തിൽ നിന്നും മാറ്റങ്ങൾ വരുത്തി നടപ്പിലാക്കിയ പദ്ധതികളാണ്.

(ബി) കാർഷിക വില നിർണ്ണയ കമ്മീഷന്റെ ശുപാർശയനുസരിച്ച് കേന്ദ്ര ഗവൺമെന്റാണ് കാർഷികോല്പന്നങ്ങൾക്ക് തറവില നിശ്ചയിക്കുന്നത്. ഈ തറവിലയ്ക്ക് സംഭരണം നടത്തേണ്ടത് നാഫെഡ് തുടങ്ങിയ കേന്ദ്ര സംഭരണ ഏജൻസികളാണ്. കേരളത്തിൽ വൈവിധ്യമാർന്ന കാർഷികോല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും കൊപ്രയ്ക്കും നെല്ലിനും മാത്രമേ താങ്ങു വില ബാധകമായി വരുന്നുള്ളു. റബ്ബർ തുടങ്ങിയ മറ്റുല്പന്നങ്ങൾക്കും താങ്ങുവില പ്രഖ്യാപിക്കണമെന്ന ആവശ്യം നാം ഉന്നയിച്ചിട്ടുണ്ട്. നെല്ലിന്റെ കാര്യത്തിൽ വില പ്രഖ്യാപിച്ച് സംഭരണം നടത്തുന്നുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി & ഇ) അനുബന്ധമായി കൊടുത്തിരിക്കുന്നു.†

**മദ്യവർജ്ജന പ്രചാരണം**

10 (*218) ശ്രീ. കെ. എം. മാണി ;
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളു വില്പനയ്ക്കു വേണ്ടി നിലവിലുള്ള സംവിധാനത്തിനു പകരമായി എന്തെങ്കിലും പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ ഗവൺമെന്റ് ആരാഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) മദ്യവർജ്ജന പ്രചാരണ പരിപാടിമൂലം എന്തുമാത്രം പുരോഗതി ഇക്കാര്യത്തിൽ നേടുന്നതിന് സാധിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഇ) 'മദ്യവർജ്ജന പ്രചാരണപരിപാടി' ഗവൺമെന്റ് ഏറ്റെടുത്തിട്ടും ഫലപ്രാപ്തിയിലെത്താത്തതിന് കാരണം എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള ലേലസമ്പ്രദായം നിർത്തി കള്ളിന്റെ ഉല്പാദനവും വിതരണവും കള്ളുഷാപ്പുകളുടെ നടത്തിപ്പും റേഞ്ച്തലത്തിൽ രൂപീകരിക്കുന്ന റ്റോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെത്തുതൊഴിലാളികളും കള്ളുഷാപ്പു തൊഴിലാളികളും അംഗങ്ങളായി രജിസ്റ്റർ ചെയ്യുന്ന സഹകരണസംഘങ്ങളെ ഏല്പിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) മദ്യവർജ്ജന പ്രചാരണ പരിപാടികൾമൂലം ജനങ്ങൾക്കിടയിൽ വ്യാപകമായ ബോധവൽക്കരണം നടത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) മദ്യവർജ്ജന പ്രചാരണ പരിപാടികൾ ഫലപ്രാപ്തിയിൽ എത്തുന്ന കാര്യത്തിൽ കുറെ പുരോഗതിയുണ്ട്.

## കാർഷിക മേഖലയിലെ അർബൻ സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം

11 (*219) ശ്രീ. എം. എ. തോമസ്;
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിലെ അർബൻ സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം ഈ സർക്കാർ പരിശോധിച്ചുവോ ;

(ബി) എങ്കിൽ അർബൻ സൂപ്പർ മാർക്കറ്റുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ നേടിയെടുക്കാൻ അവയുടെ പ്രവർത്തനംമൂലം എത്രമാത്രം സാധിച്ചു എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly